LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര നവനവീന ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) ഗാർഹിക ഉപഭോക്താക്കൾക്ക് കേന്ദ്ര സബ്സിഡിയോടുകൂടി കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ Phase II സബ്സിഡി സ്കീമിൽ നിന്നും ലഭ്യമായ ആദ്യഘട്ട 50 MW-ൽ 12.5 MW പദ്ധതിയിൽ അനെർട്ടിനെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു.

(ബി) വീടുകളിൽ സമ്പൂർണ്ണ സോളാർ വൈദ്യുതി ഉപയോഗിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയെന്നും, കായംകുളം മണ്ഡലത്തിൽ ഈ പദ്ധതി എത്ര ഗാർഹിക ഉപഭോക്താക്കൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട് എന്നും വിശദമാക്കാമോ?

പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ നിലവിൽ 500 MW പുരപ്പുറ സൗര നിലയങ്ങളിൽനിന്നും വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കുന്ന പദ്ധതിയാണ് 'സൗര'. ഇതിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമായുള്ള സബ്സിഡി പദ്ധതിയാണ് 'സൗര' രണ്ടാം ഘട്ടം. കായംകുളം നിയോജകമണ്ഡലത്തിൽ ഈ പദ്ധതി പതിനൊന്ന് ഗാർഹിക ഉപഭോക്താക്കൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി

188(5347) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിക്കുവേണ്ടി എന്തു തുകയാണ് നീക്കി വച്ചിട്ടുള്ളതെന്നറിയിക്കുമോ?

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിക്കായി 92.61 കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം വ്യക്തമാക്കാമോ; ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നറിയിക്കുമോ?

25-1-2021-ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡിന് അവാർഡ് ചെയ്തിട്ടുണ്ട്. ഡിസൈൻ ജോലികൾ പുരോഗമിക്കുന്നു. 2023 മാർച്ച് മാസം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.